# <u>പോലിസ് ക്വാർട്ടേഴ്സ് ഉദ്ഘാടനം രണ്ടിന്</u>



ഉദ്ഘാടനത്തിനൊരുങ്ങി അങ്കമാലി പോലിസ് ക്വാർട്ടേഴ്സ്. നവീന സൗകര്യങ്ങളോടെ അങ്കമാലിയിൽ പണി കഴിപ്പിച്ച പോലിസ് ക്വാർട്ടേഴ്സ് ചൊവ്വാഴ്ച മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനിലൂടെ ഉദ്ഘാടനം ചെയ്യും. ഒരു കോടി മുപ്പത്തി ഒന്ന് ലക്ഷം രൂപാ ചിലവിലാണ് ക്വാർട്ടേഴ്സ് പണിതീർത്തിട്ടുള്ളത്. മൂന്നുനിലകളിലായി 4500 ചതുരശ്ര അടിയിലാണ് നിർമ്മാണമെന്ന് ജില്ലാ പോലിസ് മേധാവി കെ. കാർത്തിക് പറഞ്ഞു. ഓരോ ക്വാർട്ടേഴ്സും എഴുനൂറ്റിയമ്പതു ചതുരശ്ര അടി വീതമുണ്ട്. എസ്.പി കെ. കാർത്തിക്കിന്റെ നേതൃത്വത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ വിലയിരുത്തി.